**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4857** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡ് സൗകര്യം നവീകരിക്കുന്നതിന് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വിനോദസഞ്ചാര വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; എങ്കിൽ ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കാമോ; | (എ) | സാധാരണ ഗതിയിൽ സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് ഫണ്ട് അനുവദിക്കാറില്ല. ഇത്തരം ജോലികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, പൊതുമരാമത്ത് വകുപ്പോ ആണ് ചെയ്യുന്നത്. എന്നിരുന്നാലും ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി എന്ന നിലയിൽ വകുപ്പ് ചില പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആവശ്യത്തിനായി 2016 മുതൽ നാളിതുവരെ വകുപ്പ് അനുവദിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് റോഡ് സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പ് അനുവദിച്ച ഫണ്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>1.പത്തനംതിട്ട-ഇടുക്കി ജില്ലകളിലെ ഇക്കോടൂറിസം സർക്യൂട്ട് പദ്ധതിക്കായി കേന്ദ്രസർക്കാർ 28/09/2018-ൽ 7655 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി ഘടകങ്ങളായ ആങ്ങാമൂഴി, കൊച്ചാണ്ടി സോൺ, മൂഴിയാർ ഡാം, മൂഴിയാർ ഐ.ബി. പെൻസ്റ്റോക്ക്, ആരാനമുടി, കക്കി ഡാം, എക്കോപ്പാറ, കൊച്ചുപമ്പ ട്രെക്കിംങ്ങ് ഏരിയ, കൊച്ചുപമ്പ ഐ.ബി. ഗവി ഇക്കോടൂറിസം കേന്ദ്രം, ഫോട്ടോപോയിന്റുകൾ, എന്നിവിട ങ്ങളിലേക്ക് 5.5 മീറ്റർ വീതിയിൽ റോഡ് സൗകര്യം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>2.കൊല്ലം ചടയമംഗലം ജടായുപ്പാറ വിനോദസഞ്ചാര കേന്ദ്രത്തിലേക്ക് പ്രവേശന പാത നിർമ്മിക്കുന്നതിനായി 30/01/2018 -ൽ 504.33 ലക്ഷം |

രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

3.വയനാട് കൽപ്പറ്റയിൽ മേപ്പാടിയിൽ നിന്ന് ചെമ്പ്ര വിനോദസഞ്ചാര കേന്ദ്രത്തിലേക്കുള്ള പാത സഞ്ചാര യോഗ്യമാക്കുന്നതിന് 15/03/2017-ൽ 180 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പ് (കൽപ്പറ്റ നോർത്ത്) മുഖേന പൂർത്തീകരിക്കുകയും ചെയ്തു.

4.വയനാട് കൽപ്പറ്റയിൽ മൂപ്പൈനാട് നിന്ന് കാന്തൻപാറ വിനോദസഞ്ചാര കേന്ദ്രത്തിലേക്കുള്ള പാത സഞ്ചാര യോഗ്യമാക്കുന്നതിനു 16/03/2017-ൽ 100ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പ് (കൽപ്പറ്റ നോർത്ത്) മുഖേന പൂർത്തീകരിക്കുകയും ചെയ്തു.

5.പത്തനംതിട്ട റാന്നി വെച്ചൂച്ചിറയിൽ പെരുന്തേനരുവി വിനോദസഞ്ചാര കേന്ദ്രത്തിലേക്കുള്ള ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി റോഡ് എന്ന പദ്ധതിക്ക് 05/09/2021-ൽ 06 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

6.ആലപ്പുഴ അമ്പലപ്പുഴയിൽ പമ്പാ നദിക്കരയിൽ ചുങ്കം - തിരുമലയിൽ ബോട്ട് ജെട്ടിയോടനുബന്ധിച്ച് റോഡ് നവീകരണത്തിനായി 18/05/2018-ൽ 97 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

7.ആലപ്പുഴയിൽ പുന്നമട ഫിനിഷിംങ് പോയിന്റ് ബോട്ട് ജെട്ടിയോടനുബന്ധിച്ച് റോഡ് നവീകരണത്തിനായി 22/06/2017-ൽ 94 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

8.ആലപ്പുഴയിൽ പുന്നമട സ്റ്റാർട്ടിംങ് പോയിന്റ് ബോട്ട് ജെട്ടിയോടനുബന്ധിച്ച് റോഡ് നവീകരണത്തിനായി 22/08/2019-ൽ 132.96 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിൽ ആണ്.

9.ആലപ്പുഴയിൽ ചുങ്കം (ചക്രേപുരയ്ക്കൽ) കായൽച്ചിറ ബോട്ട് ജെട്ടിയോടനുബന്ധിച്ച റോഡ് നവീകരണത്തിനായി 22/08/2019-ൽ സർക്കാർ 355ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിക്കുന്നു.

10.കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ കുമരകത്ത് കവണാറ്റിൻ കരയിൽ നിന്ന് ഗോഗിനികരിയിലേക്ക്

| | | | |
|---|---|---|---|
| | | | റോഡ് നിർമ്മാണത്തിനായി 09/02/2019-ൽ 59 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.<br><br>11.കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ കുമരകത്ത് കവണാറ്റിൻകരയിൽ പത്തേക്കർ റോഡ് നിർമ്മാണത്തിനായി 12/02/2019 - ൽ 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.<br><br>12.കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ കുമരകത്ത് കവണാറ്റിൻകരയിൽ നിന്ന് ആറ്റുചിറയിലേക്ക് റോഡ് നിർമ്മാണത്തിനായി 04/08/2018-ൽ 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, ടി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ